# കേരള സർക്കാർ

## ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
## പത്തനംതിട്ട

| ഏപ്രിൽ 6<br>April 6 | 2019 |
|---|---|

*1193 മീനം 23 ശനി*

# പത്രക്കുറിപ്പ് -1

www.prd.kerala.gov.in, diopta1@gmail.com ഫോൺ0468-2222657

**ലോക്സഭാ ഇലക്ഷൻ 2019**

**പോലീസ് നിരീക്ഷക സൊണാൽ ചന്ദ്ര ഐപിഎസ് ജില്ലയിൽ**

ലോക്സഭാ തെരഞ്ഞെടുപ്പിൽ പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിന്റെ ചുമതലയുള്ള പോലീസ് നിരീക്ഷക സൊണാൽ ചന്ദ്ര ജില്ലയിലെത്തി. തമിഴ്നാട് കേഡറിലെ ഐപിഎസ് ഉദ്യോഗസ്ഥയാണ്. കളക്ടറേറ്റിൽ ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കലക്ടർ പിബി നൂഹ്, ജില്ലാ പോലീസ് മേധാവി ജി.ജയദേവ് തുടങ്ങിയവരുമായി നിരീക്ഷക ആശയ വിനിമയം നടത്തി.

ജില്ലാ പോലീസ് മേധാവിയുടെ ഓഫീസിൽ നടന്ന അവലോകന യോഗത്തിൽ പോലീസിന്റെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ വിശകലം ചെയ്യുകയും അതിൽ നിരീക്ഷക തൃപ്തി രേഖപ്പെടുത്തുകയും ചെയ്തു. ജില്ലാ പോലീസ് മേധാവി ജി.ജയദേവ്, സ്പെഷ്യൽ ബ്രാഞ്ച് ഡിവൈഎസ്പി ആർ.ജോസ്, ജില്ലയിലെ മറ്റ് പോലീസ് ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

പ്രമാടം രാജീവ്ഗാന്ധി ഇൻഡോർ സ്റ്റേഡിയത്തിൽ ക്യാമ്പ് ചെയ്യുന്ന പോലീസ് നിരീക്ഷകയെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പരാതികൾക്ക് 6238804044 എന്ന നമ്പരിലും policeobserver2019pta@gmail.com എന്ന ഇ-മെയിൽ വിലാസത്തിലും പൊതുജനങ്ങൾക്ക് ബന്ധപ്പെടാം. (ഇലക്ഷൻ: 138/19)

## ജില്ലയിലെ തെരഞ്ഞെടുപ്പ് ചിത്രം വെളിവായി ; എട്ട് സ്ഥാനാർഥികൾ

പത്തനംതിട്ട ലോക്സഭാ മണ്ഡലത്തിൽ നാമനിർദേശ പത്രിക സമർപ്പിച്ചിരുന്ന എട്ട് സ്ഥാനാർഥികളുടെ പത്രികകൾ സൂക്ഷ്മപരിശോധനയിൽ സ്വീകരിച്ചു. വെള്ളിയാഴ്ച തീരുമാനമാകാതെ മാറ്റി വച്ച വീണ വി എന്ന സ്വതന്ത്രസ്ഥാനാർഥിയുടെ പത്രിക ഇന്നലെ (6) സ്വീകരിച്ചതോടെയാണ് ജില്ലയിൽ എട്ട് സ്ഥാനാർഥികളായത്. പത്രിക പിൻവലിക്കാനുള്ള അവസാനതീയതി എട്ടിന് അവസാനിക്കും. ആന്റോ ആന്റണി (ഐഎൻസി), വീണാ ജോർജ് (സിപിഐ(എം), ഷിബു പാറക്കടവിൽ (ബിഎസ്പി), കെ സുരേന്ദ്രൻ (ബി.ജെ.പി), ജോസ് ജോർജ് (എപിഐ), ബിനു ബേബി (എസ്‌യുസിഐ), സ്വതന്ത്ര സ്ഥാനാർഥികളായ രതീഷ് ചൂരക്കോട്, വീണ വി എന്നിവരുടെ പത്രികകളാണ് സൂക്ഷ്മ പരിശോധനയിൽ സ്വീകരിച്ചത്.

സ്വതന്ത്ര സ്ഥാനാർഥിയായ പുഷ്പാംഗദന്റെ പത്രിക ഫോം 26 സത്യവാങ്മൂലം പൂർണമല്ലാത്തതിനാൽ വെള്ളിയാഴ്ച തള്ളിയിരുന്നു. സിപിഎമ്മിന്റെയും ബിജെപിയുടെയും ഡെമ്മി സ്ഥാനാർഥികളായ യഥാക്രമം ശങ്കരൻ, അശോകൻ എന്നിവരുടെ പത്രികകളും തള്ളിയിരുന്നു. പാർട്ടി സ്ഥാനാർഥികളുടെ പത്രിക അംഗീകരിച്ച സാഹചര്യത്തിലാണ് ഡെമ്മി സ്ഥാനാർഥികളുടെ പത്രിക തള്ളിയത്. (ഇലക്ഷൻ: 139/19)

## വോട്ടർ ബോധവത്ക്കരണം കൂടുതൽ പേരിലെത്തണം – ബന്യാമിൻ

വോട്ടിംഗ് ശതമാനം ഉയർത്തുന്നതിന്റെ ഭാഗമായി തെരഞ്ഞെടുപ്പ് കമ്മീഷൻ ആവിഷ്കരിച്ച് നടപ്പാക്കുന്ന സ്വീപ്പ് ബോധവത്ക്കരണ പദ്ധതിയുടെ പ്രയോജനം കൂടുതൽ പേരിലെത്തണമെന്ന് പ്രശസ്ത എഴുത്തുകാരനും സാഹിത്യകാരനുമായ ബന്യാമിൻ പറഞ്ഞു. സ്വീപ്പ് ബോധവത്ക്കരണവുമായി ബന്ധപ്പെട്ട സംഘം അദ്ദേഹത്തിന്റെ വസതിയിലെത്തി വി.വി. പാറ്റ് മെഷീൻ പരിചയപ്പെടുത്തി. ജനാധിപത്യപ്രക്രിയ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ സംഘടിപ്പിച്ചുവരുന്ന സ്വീപ്പ് വോട്ടർ ബോധവത്ക്കരണ പരിപാടിയിലും വി.വി.പാറ്റ് മെഷീൻ പരിചയപ്പെടുത്തുന്ന പ്രവർത്തനത്തിലും സംതൃപ്തനാണെന്നും അദ്ദേഹം പറഞ്ഞു. ഒരു വോട്ടും പാഴാക്കപ്പെടരുതെന്ന സന്ദേശമുയർത്തി അങ്കണവാടി പ്രവർത്തകർ, സ്കൂളുകൾ, കോളജുകൾ, ലൈബ്രറികൾ, പ്രധാന ജംഗ്ഷനുകൾ എന്നിവയെല്ലാം കേന്ദ്രീകരിച്ചാണ് സ്വീപ്പ് സംഘം ബോധവത്കരണം നടത്തുന്നത്. കോഴഞ്ചേരി താലൂക്ക് ഓഫീസിലെ ഡപ്യൂട്ടി തഹസിൽദാർ സാം പി തോമസ്, ജീവനക്കാരായ അൻവർ സാദത്ത്, അരുൺ രാജ്, ബിനു ആനന്ദ്, ജിനി എന്നിവരടങ്ങിയ സംഘമാണ് ബോധവത്ക്കരണം നടത്തുന്നത്. (ഇലക്ഷൻ: 139/19)

## വോട്ടനുഭവങ്ങൾ പങ്കുവയ്ക്കാൻ പ്രായം മറന്ന് അവർ ഒത്തുകൂടി

ആർക്ക് വോട്ട് ചെയ്യും? വിദ്യാർഥികളുടെ ചോദ്യം കേട്ട് വയലത്തല സർക്കാർ വൃദ്ധമന്ദിരത്തിലെ അന്തേവാസികൾ എല്ലാവരും ആകാംക്ഷയോടെ പരസ്പരം നോക്കി. തങ്ങളുടെ പഴയകാല വോട്ടനുഭവങ്ങൾ അവരുടെ മനസിലേക്ക് ഒരു നിമിഷം ഓടിയെത്തി. ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രമോ, ഇത്രയധികം വാഹനസൗകര്യമോ പോലുമില്ലാതിരുന്ന കാലത്ത് കിലോമീറ്ററോളം ദൂരം താണ്ടി തങ്ങളുടെ ജനപ്രതിധിയെ തെരഞ്ഞെടുക്കുന്നതിൽ പങ്കാളിയായിരുന്നതിന്റെ ആവേശം അവരുടെ മുഖത്ത് തെളിഞ്ഞു. ഇപ്പോൾ കാലം മാറി. പുതിയ ഇലക്ട്രോണിക് വോട്ടിംഗ് യന്ത്രം വന്നു. വോട്ട് ചെയ്തതു കാണാനും ഉറപ്പാക്കാനും വി.വി.പാറ്റും വന്നു. പുതിയ സംവിധാനത്തിൽ വോട്ട് രേഖപ്പെടുത്തി തങ്ങളുടെ ജനപ്രതിനിധിയെ തെരഞ്ഞെടുക്കുന്ന അഭിമാനകരമായ വലിയ പ്രക്രിയയിൽ പങ്കാളികളാകുമെന്ന ദൃഢനിശ്ചയത്തിലാണ് ഓരോരുത്തരും. തെരഞ്ഞെടുപ്പ് ബോധവൽക്കരണത്തിന്റെ ഭാഗമായി സ്വീപ്പ് സംഘടിപ്പിച്ച പരിപാടിയിലാണ് വയലത്തല സർക്കാർ വൃദ്ധമന്ദിരത്തിലെ അന്തേവാസികൾ തങ്ങളുടെ അനുഭവങ്ങൾ പുതുതലമുറയ്ക്ക് മുൻപിൽ പങ്കുവച്ചത്. പമ്പ

ഡി ബി കോളജിലെ പത്ത് വിദ്യാർഥികളാണ് അറുപത് അംഗങ്ങളുള്ള വൃദ്ധസദനത്തിലെ അന്തേവാസികൾക്ക് വോട്ടിംഗ് യന്ത്രം പരിചയപ്പെടുത്തുന്നതുൾപ്പടെയുള്ള വോട്ടർ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തിയത്.

തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പുതിയ അറിവുകൾ ലഭിച്ചതോടെ എല്ലാവരിലും ആവേശമായി. വോട്ട് ചെയ്തതിന് ശേഷം സൂക്ഷിക്കപ്പെടുന്ന സ്ലിപ്പിൽ തങ്ങളുടെ പേര് ഉണ്ടാകുമോ, സ്ലിപ്പ് കൈയ്യിൽ കിട്ടുമോ, വോട്ട് ചെയ്യുന്നതിന് എങ്ങനെ ബൂത്തിലെത്തും തുടങ്ങി നിരവധി സംശയങ്ങളാണ് പിന്നീട് ഉന്നയിക്കപ്പെട്ടത്. ഒന്നിലും ആശങ്ക വേണ്ട, തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എല്ലാ സൗകര്യങ്ങളും ജില്ലാ ഭരണകൂടം ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിദ്യാർഥികൾ ഉറപ്പു നൽകി. വാഹനസൗകര്യം, ഡോളി, റാംപ്, കുടിവെള്ള സൗകര്യം, ഷെയ്ഡ് തുടങ്ങിയവയെല്ലാം ഇത്തവണത്തെ തെരഞ്ഞെടുപ്പിന്റെ ഭാഗമായി ലഭിക്കുമെന്ന് കേട്ടപ്പോൾ ഒറ്റപ്പെടലുകളുടെ ലോകത്തു നിന്നും എല്ലാം മറന്ന് വോട്ടവകാശം ഉറപ്പിക്കാൻ അവരും തീരുമാനിച്ചു. തങ്ങളുടെ സന്ദർശനം ലക്ഷ്യം പൂർത്തീകരിച്ചതിന്റെ സംതൃപ്തിയുമായാണ് വിദ്യാർഥികൾ മടങ്ങിയത്. ഇതിന് പുറമേ പത്തനംതിട്ട കെന്നഡി ഓർഫനേജിലെ മുപ്പതോളം അന്തേവാസികളും, വെച്ചൂച്ചിറ മേഴ്സി ഹോമിലെ അൻപത് പേരും, മുക്കൂട്ടുതറ നിർമ്മലഭവൻ വൃദ്ധസദനത്തിലെ ഇരുപത് പേരും സ്വീപ് വോട്ടർ ബോധവത്ക്കരണ പരിപാടിയിൽ പങ്കാളികളായി.

(ഇലക്ഷൻ: 140/19)

## വോട്ടർ ബോധവത്ക്കരണം: കൂട്ടയോട്ടം ഇന്ന് (7) തിരുവല്ലയിൽ

വോട്ടർ ബോധവത്ക്കരണ പരിപാടിയായ സ്വീപിന്റെ ഭാഗമായി തിരുവല്ലയിൽ കൂട്ടയോട്ടം ഇന്ന് (7) വൈകിട്ട് അഞ്ചിന് നടക്കും. ലോകാരോഗ്യ ദിനമായ ഇന്ന് തിരുവല്ല മുൻസിപ്പൽ സ്റ്റേഡിയത്തിൽ നിന്ന് ആരംഭിക്കുന്ന കൂട്ടയോട്ടം നഗരം ചുറ്റി സ്റ്റേഡിയത്തിൽ തന്നെ അവസാനിക്കും. 2.8 കിലോമീറ്റർ ദൂരമാണ് കൂട്ടയോട്ടത്തിനുണ്ടാവുക. ഒരു വോട്ടും ഒഴിവാക്കപ്പെടരുത് എന്ന സന്ദേശം ജനങ്ങളിൽ എത്തിക്കുക എന്ന ലക്ഷ്യത്തോടെയാണ് കൂട്ടയോട്ടം സംഘടിപ്പിക്കുന്നത്. തെരഞ്ഞെടുപ്പ് പൊതുനിരീക്ഷകൻ സഹദേബ് ദാസ് ഐ എ എസും പോലീസ് നിരീക്ഷക സൊണാൽ ചന്ദ്ര ഐപിഎസും ചേർന്ന് കൂട്ടയോട്ടം ഫ്ളാഗ് ഓഫ് ചെയ്യും. ജില്ലാ കളക്ടർ പി ബി നൂഹ്, ജില്ലാ പോലീസ് മേധാവി ജി ജയദേവ്, തിരുവല്ല സബ് കളക്ടർ ഡോ. വിനയ് ഗോയൽ,സ്വീപ് നോഡൽ ഓഫീസറും എഡിസിയുമായ കെ കെ വിമൽരാജ്, എൻസിസി കേഡറ്റുകൾ, എസ് പി സി കേഡറ്റുകൾ, എൻഎസ്എസ് വോളണ്ടിയേഴ്സ്, സ്പോർട്സ് കൗൺസിൽ താരങ്ങൾ, വൈഎംസിഎ അംഗങ്ങൾ, സ്കൂൾ കോളജ് വിദ്യാർഥികൾ തുടങ്ങിയവർ കൂട്ടയോട്ടത്തിൽ പങ്കെടുക്കും.

(ഇലക്ഷൻ: 141/19)

## കായികക്ഷമതാ പരീക്ഷ

പോലീസ് വകുപ്പിൽ പോലീസ് കോൺസ്റ്റബിൾ (കെഎപി മൂന്നാം ബറ്റാലിയൻ) (കാറ്റഗറി നമ്പർ 657/17) തസ്തികയുടെ ചുരുക്കപ്പട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർഥികൾക്കായി ഏപ്രിൽ ഒമ്പത് മുതൽ മെയ് മൂന്ന് വരെ ശാരീരിക അളവെടുപ്പും കായികക്ഷമതാ പരീക്ഷ നടത്തുമെന്ന് ജില്ലാ പി.എസ്.സി ഓഫീസർ അറിയിച്ചു. ഫോൺ: 0468 2222665.

(പിഎൻപി 1003/19)

## വാസ്തുവിദ്യാ ഗുരുകുലത്തിൽ വിവിധ കോഴ്സുകൾക്ക് അപേക്ഷിക്കാം

സംസ്ഥാന സാംസ്കാരിക വകുപ്പിന് കീഴിലുള്ള വാസ്തുവിദ്യാഗുരുകുലം തിരുവനന്തപുരത്തും പത്തനംതിട്ടയിലും തുടങ്ങുന്ന പ്രാദേശിക കേന്ദ്രങ്ങളിൽ വിവിധ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ ട്രഡീഷണൽ ആർക്കിടെക്ചർ കോഴ്സിലേക്ക് സിവിൽ എൻജിനീയർ, ആർക്കിടെക്ചർ വിഷയങ്ങളിൽ ബിരുദമാണ് യോഗ്യത. കോഴ്സ് ഫീസ് 50000 രൂപയും ജി.എസ്.ടി യും. ആകെ സീറ്റ് 25.

സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ ട്രഡീഷണൽ ആർക്കിടെക്ചർ കോഴ്സിലേക്ക് എസ്എസ്എൽസി യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാം. കോഴ്സ് ഫീസ് 20000 രൂപയും ജി.എസ്.ടി യും. ആകെ സീറ്റ് 20. വിശ്വകർമ വിഭാഗത്തിനായി 50 ശതമാനം സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

ഡിപ്ലോമ ഇൻ ട്രഡീഷണൽ ആർക്കിടെക്ചർ കറസ്പോണ്ടൻസ് കോഴ്സിലേക്ക് അംഗീകൃത സർവകലാശാല ബിരുദം അല്ലെങ്കിൽ ത്രിവത്സര പോളിടെക്നിക്ക് ഡിപ്ലോമ യാണ് യോഗ്യത. കോഴ്സ് ഫീസ് 25000 രൂപയും ജി.എസ്.ടി യും. ആകെ സീറ്റ് 100.

പാരമ്പര്യ വാസ്തുശാസ്ത്രത്തിൽ ഹ്രസ്വകാല കോഴ്സിലേക്ക് ഐടിഐ സിവിൽ ഡ്രാഫ്റ്റ്സ്മാൻ, കെജിസിഇ സിവിൽ എൻജിനീയറിംഗ്, ഐടിഐ ആർക്കിടെക്ചറൽ അസിസ്റ്റൻസ്ഷിപ്പ് ആൻഡ് ഡിപ്ലോമ ഇൻ സിവിൽ/ആർക്കിടെക്ചറാണ് യോഗ്യത. കോഴ്സ് ഫീസ് 25000 രൂപയും ജി.എസ്.ടി യും. ആകെ സീറ്റ് 30.

മ്യൂറൽ പെയിന്റിംഗ് സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് എസ്എസ്എൽസിയാണ് യോഗ്യത. കോഴ്സ് ഫീസ് 25000 രൂപയും ജി.എസ്.ടി യും. ആകെ സീറ്റ് 25.

വനിതകൾക്കുള്ള നാല് മാസ പരിശീലന പരിപാടിയായ മ്യൂറൽ പെയിന്റിംഗിന് എസ്എസ്എൽസിയാണ് യോഗ്യത. കോഴ്സ് ഫീസ് 15000 രൂപയും ജി.എസ്.ടി യും. ആകെ സീറ്റ് 40.

നാല് മാസ സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ എപ്പിഗ്രാഫി (പുരാലിഖിത പഠനം) കോഴ്സിലേക്ക് മലയാളം, സംസ്കൃതം, തമിഴ്, ചരിത്രം, ഭാഷാശാസ്ത്രം, ആർക്കിയോളജി എന്നീ വിഷയങ്ങളിലുള്ള ബിരുദമോ അല്ലെങ്കിൽ മറ്റേതെങ്കിലും വിഷയത്തിൽ നേടിയിട്ടുള്ള ബിരുദവും ശിലാലിഖിതവിജ്ഞാനീയത്തിലോ പുരാതന ലിപി വിജ്ഞാനത്തിലോ ഉള്ള ഗവേഷണ പരിചയവുമാണ് യോഗ്യത. കോഴ്സ് ഫീസ് 15000 രൂപയും ജി.എസ്.ടി യും. ആകെ സീറ്റ് 40.

കൂടുതൽ വിവരം ആറന്മുള വാസ്തുവിദ്യാഗുരുകുലം ഓഫീസിൽ ലഭിക്കും. ഫോൺ: 0468 2319740. (പിഎൻപി 1004/19)

## പ്രമാണ പരിശോധന

ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ എച്ച്എസ്എ ഹിന്ദി (എൻസിഎ-എൽസി/എഐ) (കാറ്റഗറി നമ്പർ 171/18) തസ്തികയിലേക്ക് അപേക്ഷിച്ച ഉദ്യോഗാർഥികൾക്കുള്ള ഒറ്റത്തവണ പ്രമാണ പരിശോധന ഈ മാസം എട്ടിനും 12നും രാവിലെ 10.30ന് ജില്ലാ പി.എസ്.സി ഓഫീസിൽ നടക്കും. ഫോൺ: 0468 2222665. (പിഎൻപി 1005/19)

## ഫോട്ടോ അടിക്കുറിപ്പ്

1) ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള വോട്ടർ ബോധവത്ക്കരണ പരിപാടിയുടെ ഭാഗമായി പ്രശസ്ത എഴുത്തുകാരൻ ബന്യാമിന് സ്വീപ്പ് സംഘം വി.വി.പാറ്റ് മെഷീൻ പരിചയപ്പെടുത്തുന്നു.
2) ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ചുള്ള വോട്ടർ ബോധവത്ക്കരണ പരിപാടി സ്വീപ്പിന്റെ ഭാഗമായി വയലത്തല സർക്കാർ വൃദ്ധമന്ദിരത്തിലെ അന്തേവാസികൾ വോട്ടിംഗ് അനുഭവങ്ങൾ പങ്കുവയ്ക്കുന്നു.




**ഇൻഫർമേഷൻ&പബ്ലിക് റിലേഷൻസ് വകുപ്പ്**


പത്തനംതിട്ട ജില്ല



